LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാന സൗകര്യങ്ങൾ നടപ്പിലാക്കുന്ന ഏജൻസികൾ

19 (5151) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മുഴുവൻ സർക്കാർ, എയ്ഡഡ് സ്കൂളുകൾക്കും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താനുള്ള ഏജൻസികൾ ആരൊക്കെയാണെന്ന് വെളിപ്പെടുത്താമോ ;

(സി) അടിസ്ഥാന സൗകര്യങ്ങൾ എപ്പോൾ നടപ്പിലാക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) തദ്ദേശസ്വയംഭരണ വകുപ്പ്, ശുചിത്വമിഷൻ, എസ്.എസ്.എ. സ്കൂൾ മാനേജുമെന്റ് എന്നിവയുടെ ഫണ്ട് എന്നിങ്ങനെ വിവിധ സ്രോതസ്സുകളുടെ സഹായത്തോടെ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ടോയ്ലറ്റ് സൗകര്യം ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. സ്കൂൾ വർഷാരംഭത്തിൽ തന്നെ എല്ലാ സ്കൂളുകളിലും കക്കൂസ്, മൂത്രപ്പുര എന്നിവയുടെ നിർമ്മാണം പൂർത്തിയാക്കുവാനും ജലലഭ്യത ഉറപ്പുവരുത്തുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കാൻ എല്ലാ ജില്ലകളിലേയും ഡി.ഡി.ഇ, ഡി.ഇ.ഒ, എ.ഇ.ഒ, മാനേജുമെന്റ് പ്രതിനിധികൾ എന്നിവരുമായി പൊതുവിദ്യാഭ്യാസ ഡയറക്ടർ നടത്തിയ മീറ്റിംഗിൽ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

ഉച്ചഭക്ഷണത്തിന്റെ വിപുലീകരണം

20 (5152) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ കുട്ടികളുടെ ഉച്ചഭക്ഷണത്തിൽ കൂടുതൽ കറികൾ ഉൾപ്പെടുത്തി വിപുലീകരിക്കുന്ന നടപടി എത്രത്തോളമായെന്ന് വ്യക്തമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിന്റെ സഹായം ലഭിച്ചിട്ടുണ്ടോ ;

(സി) ഈ പദ്ധതിക്കായി എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളതെന്നും ഇതിന്റെ പ്രയോജനം എത്ര കുട്ടികൾക്കാണ് ലഭിക്കുന്നതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉച്ചഭക്ഷണ പരിപാടി വിപുലീകരിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. അന്തിമമായി തീരുമാനിച്ചിട്ടില്ല.

(ബി) ഇല്ല.